# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം. ഷീബാ ജോർജ്ജ് ഐഎഎസ്)**

വിഷയം: വനിത ശിശു വികസന വകുപ്പ് - കേരള സംസ്ഥാന മന്ത്രിസഭയുടെ രണ്ടാംവാർഷികം - ജില്ലാതല ഉദ്ഘാടനം - ജില്ലകളിൽ വകുപ്പിന്റെ പ്രദർശന സ്റ്റാളുകൾ സ്ഥാപിക്കുന്നതിന് - ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം
1) 17.3.18ലെ ഉ.(സാധാ)നം. 55/2018/I&PR നം. ഉത്തരവ്.
2) 21.4.18ലെ ഉ(സാധ) നം. 102/2018/I&PR നം. ഉത്തരവ്.
3) വനിതാ ശിശു വികസന ഡയറക്ടറുടെ 28.4.18ലെ മേൽ നം. പരിപത്രം.
4) ഈ കാര്യാലയത്തിലെ 10.5.18ലെ ഇതേ നമ്പർ കത്ത്.
5) ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 7.5.18ലെ എ4/1304/2018 നം. കത്ത്.
6) തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 11.5.18ലെ സി3/1321/18 നം. കത്ത്.
7) കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 5.5.18ലെ സി/1040/18 നം. കത്ത്.
8) പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 7.5.18ലെ ബി/1983/18 നം. കത്ത്.
9) കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 7/5/18ലെ എഫ്/2671/18നം. കത്ത്.

## ഉത്തരവ് നമ്പർ WCD/D2-7106/18 തീയതി. 11.05.2018

സംസ്ഥാന മന്ത്രിസഭയുടെ 2-ാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ നടപ്പാക്കിയ വികസനക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കുവാനും എല്ലാ ജില്ലകളിലും ഒരു വാരം നീണ്ടുനിൽക്കുന്ന പ്രദർശന വിപണന മേള സംഘടിപ്പിക്കുവാനും ഇതിനാവശ്യമായ തുക ചെലവഴിക്കുന്നതിനും പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയും ജില്ലാതല പ്രദർശന സ്റ്റാളുകൾ സജ്ജീകരിക്കുന്നതിനായി സർക്കാർ വകുപ്പുകൾക്ക് പരാമർശം (2) പ്രകാരം ഫണ്ട് അനുവദിച്ചും ഉത്തരവായിരുന്നു.

അതനുസരിച്ച് വനിതാശിശു വികസന വകുപ്പിന്റെ പ്രദർശന സ്റ്റാളുകൾ ജില്ലാതലത്തിൽ സജ്ജീകരിക്കുന്നതിന് ആവശ്യമായ ഫണ്ടിന് ബഡ്ജറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരമാർശം (5) മുതൽ (9) വരെ പ്രകാരം ലഭ്യമാക്കിയ ബഡ്റ്റ് പ്രൊപ്പോസൽ അംഗീകരിയ്ക്കുകയും 50000/- രൂപയ്ക്ക്

മുകളിൽ ഫണ്ട് ആവശ്യപ്പെട്ടവർക്ക് ജില്ലയിൽ 50000/- രൂപയിൽ നിജപ്പെടുത്തിയും വകുപ്പിന്റെ ജില്ലാതല സ്റ്റാളുകൾ സജ്ജീകരിക്കുന്നതിനുള്ള ഫണ്ട് വനിതാ ശിശു വികസന വകുപ്പിലെ ഫണ്ട് വിതരണം പ്രോഗ്രാം ആഫീസിലെ ICDS സെല്ലിൽ SS മുഖേന ആയതിനാൽ അതാത് പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമനം. | ഓഫീസ് | അനുവദിച്ച തുക |
|---|---|---|
| 1 | പ്രോഗ്രാം ഓഫീസ്, ആലപ്പുഴ | 50000 |
| 2 | പ്രോഗ്രാം ഓഫീസ്, തൃശ്ശൂർ | 20000 |
| 3. | പ്രോഗ്രാം ഓഫീസ്, കോട്ടയം | 50000 |
| 4. | പ്രോഗ്രാം ഓഫീസ്, പാലക്കാട് | 50000 |
| 5. | പ്രോഗ്രാം ഓഫീസ്, കോഴിക്കോട് | 50000 |
| | **ആകെ** | **220000** |

(ആകെ രണ്ടു ലക്ഷത്തി ഇരുപതിനായിരം രൂപാ മാത്രം)

കേരള സംസ്ഥാന മന്ത്രിസഭയുടെ 2-ാം വാർഷികത്തോടനുബന്ധിച്ച് വനിതാ ശിശു വികസന വകുപ്പിന്റെ പ്രദർശന സ്റ്റാളുകൾ ജില്ലാതലത്തിൽ സജ്ജീകരിക്കുന്നതിന് ആകെ 220000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 2018-19 സാമ്പത്തിക വർഷത്തെ 2235-02-103-59(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

പ്രസ്തുത പരിപാടി സമാപിച്ച് 15 ദിവസത്തിനുള്ളിൽ ധനവിനിയോഗ സർട്ടിഫിക്കറ്റ്, ഡോക്യുമെന്റേഷൻ എന്നിവ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
വനിതാ ശിശു വികസന ഡയറക്ടർ

പ്രോഗ്രാം ഓഫീസർ,
ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, പാലക്കാട്, കോഴിക്കോട്

**പകർപ്പ് :**

1) സൂപ്രണ്ട്, എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിനായി)
2) ഡയറക്ടറുടെ സിഎ
3) ശേഖര സഞ്ചയം
4) പ്ലാനിംഗ് സെൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

S ///